**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3715** **09-10-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖാന്തരം ലാന്റ് സ്ലൈഡ് സ്റ്റൈബിലൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മന്നം പനക്കത്തടം, പുഞ്ചവയൽ കടമാൻതോട് എന്നീ രണ്ടു പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ? | (ബി) | പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന 13.5 ലക്ഷം രൂപ അടങ്കൽ തുകയുള്ള മന്നം പനക്കത്തടം ഉരുൾപൊട്ടൽ നിവാരണ പദ്ധതിയിലുൾപ്പെട്ട പെരിങ്ങുവ തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം 15% പൂർത്തീകരിച്ചിട്ടുണ്ട്. മുണ്ടക്കയം പഞ്ചായത്തിൽ നടപ്പിലാക്കുന്ന 13.5 ലക്ഷം രൂപ അടങ്കൽ തുകയുള്ള പുഞ്ചവയൽ കടമാൻതോട് പദ്ധതിയിൽ സംരക്ഷണഭിത്തിയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ